കേരളത്തിലെ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ

291 (293) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വനമേഖലയോടു ചേർന്നുകിടക്കുന്ന പരിസ്ഥിതി പ്രാധാന്യമേറിയ പ്രദേശങ്ങളുടെ വിസ്തൃതി കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പ്രദേശങ്ങളുടെ വിസ്തൃതി എത്ര ഏക്കർ ആണെന്ന് വ്യക്തമാക്കുമോ ;

(ബി) പരിസ്ഥിതി ദുർബല പ്രദേശമായി കണക്കാക്കിയ ഈ ഭൂമി ഏതെല്ലാം ജില്ലകളിലാണെന്നും എത്ര ഏക്കർ വീതമാണെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രദേശങ്ങൾ ഏതെല്ലാം വില്ലേജുകളിൽ ആണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ വനമേഖലയോടു ചേർന്ന് പരിസ്ഥിതി പ്രാധാന്യമുള്ള 14591 ഹെക്ടർ (36068 ഏക്കർ) ഭൂമി ഇ.എഫ്.എൽ. ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) പരിസ്ഥിതി ദുർബലപ്രദേശമായി വിജ്ഞാപനം ചെയ്ത ഭൂമിയുടെ ജില്ല തിരിച്ചുള്ള വിവരം (ഹെക്ടറിൽ) ചുവടെ ചേർക്കുന്നു:

പാലക്കാട്	5270.69
വയനാട്	3004.86
കോഴിക്കോട്	1544.99
ഇടുക്കി	1411.82
മലപ്പുറം	1285.09
തിരുവനന്തപുരം	885.26
കാസർഗോഡ്	662.90
കണ്ണൂർ	491.26
കൊല്ലം	273.72
തൃശ്ശൂർ	80.04
ആകെ	14910.63

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ 319 ഹെക്ടർ ഭൂമി ഇ.എഫ്.എൽ.-ൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ഉൾപ്പെടുന്ന വില്ലേജുകളുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു.*

വനം വകുപ്പ് പാട്ടത്തിന് നൽകിയ ഭൂമി

292 (294) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ വിവിധ പദ്ധതികൾക്കായി വനംവകുപ്പ് പാട്ടത്തിന് നൽകിയ ഭൂമിയുടെ കൈമാറ്റവുമായി ബന്ധപ്പെട്ട് വനംവകുപ്പ് നിയമ ഉപദേശം തേടുകയുണ്ടായിട്ടുണ്ടോ ;

(ബി) ലഭിച്ച നിയമ ഉപദേശത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ബോർഡിന്റെ കൈവശമുണ്ടായിരുന്ന ഭൂമികളത്രയും ഇപ്പോൾ ബോർഡിന് പകരം രൂപീകരിക്കപ്പെട്ട കമ്പനിയ്ക്ക് കൈമാറ്റം നടത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത ഭൂമി, കമ്പനി തന്നെ ഇടർന്നും ഉപയോഗിക്കുന്നത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ ;

(ഇ) പദ്ധതി പ്രദേശത്തിലെ ഭൂമി കമ്പനി തന്നെ കൈവശം വയ്ക്കുന്നതു മൂലം വനം വകുപ്പിന് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഈ വിഷയത്തിൽ നിയമ വകുപ്പിന്റെ ഉപദേശം തേടിയിട്ടുണ്ട്. ആയത് ഇതുവരെ ലഭിച്ചിട്ടില്ല.

(സി) വൈദ്യുതി ബോർഡിന്റെ കൈവശമുണ്ടായിരുന്ന എല്ലാ വസ്തു വകകളും 31-10-2013-ലെ ജി.ഒ.(പി)46/2013/ഊ.വ. പ്രകാരം പുറപ്പെടുവിച്ച "കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം (റീ വെസ്റ്റിംഗ്) 2013"ലൂടെ പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനിക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

(ഡി & ഇ) ഇക്കാര്യത്തിലുള്ള നിയമോപദേശം ലഭിച്ചശേഷമേ തുടർ തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly